ശ്രീ. എ. ജെ. ജാൺ : കേസുകൾ സീരിയസാണോ അല്ലയോ എന്നു ഫയലും നോക്കിട്ടേ മനസ്സിലാക്കാൻ നിവൃത്തിയുള്ളൂ. നിസ്സാരമായ കേസുകൾ ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഫയലുകൾ പരിശോധിച്ചു അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ടി. വി. ദിവാകരൻ : ഇതിൽ നല്ല ഒരു വിഭാഗം കേസുകൾ തൽക്കാല ശാന്തിക്കുവേണ്ടി പോലിസുണ്ടാക്കിയിട്ടുള്ളതാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെയാണെന്നു തോന്നുന്നില്ല

ഭൂമി വിതരണം.

* 538. [39] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക പരസ്പരസഹായസംഘങ്ങൾവഴി എത്ര ഭൂമി ഇതിനകം വിതരണം ചെയ്തിട്ടുണ്ട്;

(ബി) സംഘം മുഖേന ഭൂമി ആവശ്യപ്പെട്ടിട്ടുള്ള എല്ലാവർക്കും ഇതിനകം ഭൂമി കൊടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണമെന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) കാർഷിക പരസ്പരസഹായസംഘങ്ങൾവഴി 5837 ഏക്കർ 75 സെൻറ് ഇതിനകം വിതരണം ചെയ്തിട്ടുണ്ട്.

(ബി) അറിവില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പരസ്പരസഹായസഹകരണസംഘങ്ങൾ.

* 539. [40] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം എത്ര പരസ്പരസഹായസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(ബി) അതിൽ ഏതെല്ലാം താലൂക്കിലുള്ള എത്ര സംഘത്തെ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ബാക്കിയുള്ളവ രജിസ്റ്റർ ചെയ്യാതിരിക്കുവാനുള്ള കാരണമെന്ത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇക്കൊല്ലം പരസ്പരസഹായസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു 439 അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ 298 സംഘങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ താഴെ പറയുംപ്രകാരമാണ്.

ഉല്പാദകവിക്രയസംഘങ്ങൾ	57
വ്യവസായസംഘങ്ങൾ	9
വിവിധോദ്ദേശസംഘങ്ങൾ	13
കൂട്ടുകൃഷി സംഘങ്ങൾ	7
ക്രെഡിറ്റ് സംഘങ്ങൾ	7
ക്രയവിക്രയസംഘങ്ങൾ	197
മാർക്കറ്റിംഗ് സംഘം	1
ഡിസ്ട്രിബ്യൂട്ടിവ് സംഘം	1
തൊണ്ടുസംഘം	1
ഹൗസിംഗ് സംഘങ്ങൾ	2
മറ്റുതരം	3

(സി) ബാക്കിയുള്ളവ രജിസ്ട്രേഷൻ നടപടികളിലെ വിവിധ ഘട്ടങ്ങളിൽ ഇരിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങൾ പരിശോധിച്ചു റിപ്പോർട്ട് സമർപ്പിക്കുന്നതിനു് ഒരു കമ്മിറ്റിയെ നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആലോചിക്കാം.

ശ്രീ. സി. സി. അയ്യപ്പൻ : ബാക്കി സംഘങ്ങൾ രജിസ്റ്റർ ചെയ്യാതിരിക്കാൻ കാരണമെന്ത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : രജിസ്ട്രേഷനെപ്പറ്റിയുള്ള പൂർണ്ണവിവരങ്ങൾ കിട്ടിയിട്ടില്ല. അതു സംബന്ധിച്ചുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. സി. അയ്യപ്പൻ : ഒരു സംഘം രജിസ്റ്റർ ചെയ്യണമെങ്കിൽ ആയിരം രൂപ ഡിപ്പോസിറ്റ് ചെയ്യണമെന്നുള്ളതുകൊണ്ടാണ് രജിസ്ട്രേഷനു താമസം ഉണ്ടാകുന്നതെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതും ഒരു കാരണമായിരിക്കാം.

റൈസ് മില്ലുകൾ.

* 540. [41] ശ്രീ. സി. കൊച്ചുകുഞ്ഞു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ എത്ര റൈസ് മില്ലുകൾ പ്രവർത്തനം നടത്തുന്നുണ്ടു്;

(ബി) ഇപ്പോൾ കോൺഗ്രസ്സു് മന്ത്രിസഭ വന്നതിനുശേഷം പുതുതായി എവിടെയെങ്കിലും റൈസ്മില്ലുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

LIBRARY ARCHIVES Kerala Legislative Assembly